Reg. No............................................ Name........................................................ **20U214**

# B.A. DEGREE END SEMESTER EXAMINATION - MARCH 2020

## SEMESTER –2: MALAYALAM (ADDITIONAL LANGUAGE FOR ENGLISH COPY EDITOR)

## COURSE: 19U2CCMAL2B: GADYAVUM, RACHANAYUM, NOVEL

*(For Regular - 2019 Admission)*

Time: Three Hours Max Marks: 75

### എ. വിഭാഗം

**ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. മനസ്സിനെ അലിയിക്കുന്നതോ ആഹ്ളാദത്തിൽ ലയിപ്പിക്കുന്നതോ ആയ കാവ്യഗുണം?
2. പ്രത്യക്ഷവിവർത്തനം എന്നാലെന്ത്?
3. ഇന്ത്യൻ പാർലമെന്റിനു തുല്യമായ അമേരിക്കയിലെ ഏറ്റവും ഉയർന്ന നിയമനിർമ്മാണസഭ?
4. 'മദിരാശി കടൽക്കര' എന്ന കാവ്യത്തിന്റെ കർത്താവ്?
5. നിയമങ്ങളുടെ നിയമം എന്നു വിശേഷിപ്പിക്കുന്നത് എന്തിനെ?
6. ലളിതാംബിക അന്തർജനത്തിന്റെ പാർത്ഥസാരഥി എന്ന ആദ്യകവിത പ്രസിദ്ധീകരിച്ച മാസിക?
7. 'കണ്ണീരും കിനാവും' എന്ന ആത്മകഥയുടെ കർത്താവ്?
8. സഞ്ജയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട സാഹിത്യകാരൻ?
9. പുരാണ സ്ത്രീകഥാപാത്രങ്ങളിലെ മനുഷ്യത്വത്തെയും സ്ത്രീത്വത്തെയും പറ്റി ലളിതാംബിക അന്തർജനം എഴുതിയ കൃതി?
10. ഗാന്ധിജിയുടെ ജീവിതത്തെയും തത്ത്വങ്ങളെപ്പറ്റിയും സുകുമാർ അഴീക്കോടെഴുതിയ ഗ്രന്ഥം?

(10 × 1=10)

### ബി. വിഭാഗം

അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. ഉന്നതവിദ്യാഭ്യാസത്തിൽ ഭാരതീയ ഭാഷകളെ തഴയുന്നതു വഴിയുണ്ടാകുന്ന ദോഷങ്ങൾ വ്യക്തമാക്കുക?
12. അനാവശ്യമായ 'ഇംഗ്ലീഷീകരണം' മലയാളത്തിൽ പ്രയോഗവൈകല്യങ്ങൾ സൃഷ്ടിക്കുന്നുവെന്ന് എം.എൻ കാരശ്ശേരി വ്യക്തമാക്കുന്നതെങ്ങനെ?
13. മലയാളത്തിൽ പച്ചമലയാള പ്രസ്ഥാനം രൂപപ്പെടാനിടയാക്കിയ പശ്ചാത്തലം പരിശോധിക്കുക?
14. ഭരണഘടനയുടെ പീഠികയുടെ പ്രാധാന്യമെന്ത്? വ്യക്തമാക്കുക.
15. പണ്ഡാലസ്സാർ ലളിതാംബിക അന്തർജനത്തിന്റെ പഠനത്തെ എങ്ങനെ സ്വാധീനിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്?
16. രവീന്ദ്രൻ ധൗളിയെ പരിചയപ്പെടുത്തുന്നതെങ്ങനെ? വ്യക്തമാക്കുക.
17. കുട്ടിത്തമാണ് മഹാത്മാഗാന്ധിയുടെ ജീവിതത്തിലെ ഏറ്റവും തെളിഞ്ഞ അംശമെന്ന് അഴീക്കോടു പറയുന്നതിനു കാരണമെന്ത്?
18. 'ബുദ്ദ' എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക
19. ഇ-ഗവേർണൻസ് എന്നാൽ എന്ത്? വ്യക്തമാക്കുക.
20. എങ്ങനെ ഒരു ബ്ലോഗ് നിർമ്മിക്കാം? വ്യക്തമാക്കുക

(8 × 2=16)

### സി. വിഭാഗം

ഒരുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

21. അന്യഭാഷാപദങ്ങൾ ഉപയോഗിക്കുമ്പോൾ പദശുദ്ധിയെ സംബന്ധിച്ച ശാഠ്യം നിരർത്ഥകമാണന്ന് എം.എൻ. കാരശ്ശേരി സ്ഥാപിക്കുന്നതെങ്ങനെ?

22. ചാർച്ചപ്പേരുകളുടെ കാര്യത്തിൽ ഇംഗ്ലീഷിനെക്കാൾ മലയാളം സമ്പന്നമാണെന്ന കാരശ്ശേരിയുടെ വാദം വിലയിരുത്തുക.

23. മൗലികവാദം ആഗോളവൽക്കരണത്തിന്റെ മറുപുറമാണെന്ന് ആനന്ദ് സ്ഥാപിക്കുന്നതെങ്ങനെ? വ്യക്തമാക്കുക.

24. ലളിതാംബിക അന്തർജനത്തിന്റെ വിവാഹജീവിതത്തെ തനുജ എസ് ഭട്ടതിരി ചിത്രീകരിക്കുന്നതെങ്ങനെ? വിശദമാക്കുക.

25. പാഠഭാഗങ്ങൾ പഠിപ്പിച്ചു തീരാത്ത സാഹചര്യത്തിൽ പരീക്ഷാത്തീയതി മാറ്റിവയ്ക്കണമെന്നഭ്യർത്ഥിച്ച് പരീക്ഷാ കൺട്രോളർക്കു നല്കുന്ന ഒരു നിവേദനം തയ്യാറാക്കുക.

26. താഴെക്കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് ഭാഗം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

one of the rival companies the British had to negotiate with in Travancore were the Dutch. The conflict between the Dutch and the British was not new as they had previously locked horns in Indonesia.

27. മലയാളി ഇന്ന് കയറ്റി അയയ്ക്കാനുള്ള സാധനമാണ് എന്ന് എം.എൻ വിജയൻ വാദിക്കുന്നതെന്തുകൊണ്ട്? വ്യക്തമാക്കുക. (5 × 5=25)

### ഡി. വിഭാഗം

രണ്ടു ചോദ്യത്തിന് നാലുപേജിൽ കവിയാതെ ഉത്തരമെഴുതുക.

28. 'മഞ്ഞ്' എന്ന നോവലിന്റെ പ്രമേയപരവും ആഖ്യാനപരവുമായ സവിശേഷതകളെപ്പറ്റി വിവരിക്കുക.

അല്ലെങ്കിൽ

29. മാതൃഭാഷ നേരിടുന്ന അതിജീവന പ്രശ്നങ്ങളെപ്പറ്റി കെ. സേതുരാമന്റെ ലേഖനത്തെ മുൻനിർത്തി ചർച്ചചെയ്യുക.

30. കമ്പ്യൂട്ടറും ഇ-ലോകവും തുറന്നു തരുന്ന സാധ്യതകളും നിഷേധാത്മകവശങ്ങളും വിലയിരുത്തുക.

അല്ലെങ്കിൽ

31. കേരളചരിത്രരചന: ദലിതരുടെ ഇടംതേടലുകൾ എന്ന ലേഖനത്തിലൂടെ കെ.കെ. കൊച്ച് മുന്നോട്ടു വയ്ക്കുന്ന ആശയാവലികളെപ്പറ്റി ചർച്ചചെയ്യുക.

(2 × 12=24)